"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - മൂവാറ്റുപുഴ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.പത്മാവതി.കെ.ഇ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)1076/2023 നമ്പർ കേസിലെ 04.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1650/2023/LSGD തീയതി,തിരുവനന്തപുരം, 14-08-2023

---

പരാമർശം:-

1. ശ്രീമതി.പത്മാവതി.കെ.ഇ. സർക്കാരിൽ സമർപ്പിച്ച 01.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ10 )
2. ശ്രീമതി.പത്മാവതി.കെ.ഇ. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(EKM) 1076/2023 നമ്പർ കേസിലെ 04.07.2023 തീയതിയിലെ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.08.2023 തീയതിയിലെ LSGD/PD/51129/2023-DEB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ പൊതുസർവീസിലെ 2023- ലെ പൊതുസ്ഥലംമാറ്റ ഡ്രാഫ്റ്റ് ട്രാൻസ്ഫർ ലിസ്റ്റിനെതിരായി മൂവാറ്റുപുഴ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.പത്മാവതി.കെ.ഇ. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപ്പീൽ (അനക്ഷർ എ10) പ്രകാരം, ടിയാൾക്ക് തൊടുപുഴ നഗരസഭയിൽ സ്ഥലം മാറ്റം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.പത്മാവതി.കെ.ഇ. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)1076/2023 നമ്പർ കേസിന്മേൽ 04.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീമതി.പത്മാവതി. കെ.ഇ. സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ 10 അപ്പീൽ അപേക്ഷ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.പത്മാവതി. കെ.ഇ. സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം മൂവാറ്റുപുഴനഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ 12.09.2018 മുതൽ സേവനമനുഷ്ഠിക്കുന്ന തനിക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ 2023-ലെ പൊതുസ്ഥലംമാറ്റ ഡ്രാഫ്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ തന്റെ ഹോം സ്റ്റേഷനായ തൊടുപുഴ നഗരസഭയിലേക്ക് നിയമനം നൽകാതെ കാഞ്ചിയാർ പഞ്ചായത്തിലാണ് നിയമനം നൽകിയതെന്നും തന്നെക്കാൾ ഔട്ട് സ്റ്റേഷൻ സീനിയോരിറ്റി കുറഞ്ഞ തന്നെക്കാൾ ജൂനിയറായ ശ്രീ. സജിമോൻ എടക്കര എന്നയാൾക്ക്

നിയമവിരുദ്ധമായി തന്റെ ഹോം സ്റ്റേഷനായ തൊടുപുഴ നഗരസഭയിലേക്ക് ഇന്റഗ്രേറ്റഡ് ജനറൽ ട്രാൻസ്ഫറിൽ ഒന്നാമതായി ഉൾപ്പെടുത്തിയിരിക്കുന്നത് റദ്ദ് ചെയ്ത് തൊടുപുഴ നഗരസഭയിലേക്കുള്ള തന്റെ അപേക്ഷ പരിഗണിച്ച് തൊടുപുഴ നഗരസഭയിൽ സ്ഥലം മാറ്റം നൽകി സഹായിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം, എറണാകുളം ജില്ലയിലെ മൂവാറ്റുപ്പുഴ മുനിസിപ്പാലിറ്റിയിൽ 12.09.2018 മുതൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.പത്മാവതി.കെ.ഇ, ടി സ്റ്റേഷനിൽ മൂന്ന് വർഷം കഴിഞ്ഞതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലം മാറ്റത്തിനായി ഇടുക്കി ജില്ലയിലെ തൊടുപുഴ മുനിസിപ്പാലിറ്റിലേയ്ക്കാണ് സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചത് എന്നും ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2023- മായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നടപടിക്രമത്തിൽ എറണാകുളം മൂവാറ്റുപ്പുഴ മുനിസിപ്പാലിറ്റിയിലെ സൂപ്രണ്ടായിരുന്ന ശ്രീമതി.പത്മാവതി.കെ.ഇ എന്നവർക്ക് ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലേയ്ക്കും, എറണാകുളം കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ സൂപ്രണ്ടായിരുന്ന ശ്രീ.സജിമോൻ.എ.എടക്കര-എന്നവർക്ക് ഇടുക്കി ജില്ലയിലെ തൊടുപുഴ മുനിസിപ്പാലിറ്റിയിലേയ്ക്കും സ്ഥലം മാറ്റം നൽകിയിട്ടുള്ളതാണ് എന്നും അറിയിക്കുന്നു.

4. പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുള്ള 22.03.2023ലെ ഉത്തരവ് പ്രകാരം, ജില്ലയ്ക്ക് പുറത്ത് നിന്നും ഹോം ജില്ലയിലേക്കുള്ള സ്ഥലം മാറ്റത്തിന് ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയും, ജില്ലയ്ക്കകത്തെ സ്ഥലംമാറ്റത്തിന് സ്റ്റേഷൻ സീനിയോറിറ്റിയുമാണ് കണക്കിലെടുക്കുന്നത്. പൊതു സ്ഥലം മാറ്റത്തിനായി ശ്രീമതി.പത്മാവതി.കെ.ഇ ഇടുക്കി ജില്ലയിലെ തൊടുപുഴ മുനിസിപ്പാലിറ്റി മാത്രമാണ് അപേക്ഷിച്ചിരുന്നത്. ടിയാൾ അപേക്ഷിച്ച ഇടുക്കി ജില്ലയിൽ ടിയാൾക്ക് 1941 ദിവസത്തെ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി ഉണ്ടെങ്കിലും 1658 ദിവസത്തെ സ്റ്റേഷൻ സീനിയോരിറ്റി മാത്രമാണുള്ളത്. ടിയാളുടെ ഓപ്ഷനായ തൊടുപുഴ മുനിസിപ്പാലിറ്റിയിലേയ്ക്ക് പരിഗണിച്ചിരിയ്ക്കുന്ന ശ്രീ.സജിമോന് 1907 ദിവസത്തെ ഓട്ട് സ്റ്റേഷൻ സീനിയോറിറ്റിയും 1676 ദിവസത്തെ സ്റ്റേഷൻ സീനിയോറിറ്റിയുമുണ്ട്. രണ്ട് പേരും ഇടുക്കി ജില്ലയിലേയ്ക്ക് അലോട്ട് ചെയ്യപ്പെട്ടുവെങ്കിലും, കൂടിയ സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ശ്രീ.സജിമോൻ തൊടുപുഴ മുനിസിപ്പാലിറ്റിയിലേയ്ക്ക് പരിഗണിക്കപ്പെട്ടു. ശ്രീ.സജിമോന്റെയും ഫസ്റ്റ് ഓപ്ഷൻ തൊടുപ്പുഴ മുനിസിപ്പാലിറ്റി ആണ്. ശ്രീമതി.പത്മാവതി.കെ.ഇ പൊതു സ്ഥലം മാറ്റത്തിനായി തൊടുപുഴ മുനിസിപ്പാലിറ്റി മാത്രമാണ് തെരഞ്ഞെടുത്തത്. ആയതിനാലാണ് ടിയാളെ ഇടുക്കി ജില്ലയിൽ ഒഴിവുള്ള കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിലേയ്ക്ക് പരിഗണിച്ചിരിയ്ക്കുന്നത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം ശ്രീമതി.പത്മാവതി.കെ.ഇ സമർപ്പിച്ച അപ്പീൽ അപേക്ഷ, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ ശ്രീമതി. പത്മാവതി.കെ.ഇ-യ്ക്ക് സ്ഥലം മാറ്റം നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് ചട്ടപ്രകാരവും, സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവിലെ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുമാണ് എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി. പത്മാവതി.കെ.ഇ-യുടെ അനക്ഷർ എ10അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പരിഗണനാർഹമല്ലായെന്ന് കണ്ട് ആയത് നിരസിച്ച തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ഒ.എ.(EKM) 1076/2023 നമ്പർ കേസിലെ 04.07.2023 തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.( ആമുഖ കത്ത് സഹിതം)
ശ്രീമതി. പത്മാവതി.കെ.ഇ., സൂപ്രണ്ട്, മൂവാറ്റുപുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 14-08-2023 13:25:44
സെക്ഷൻ ഓഫീസർ